# <u>ദാവീദിന്റെ രണ്ടു മുഖങ്ങൾ</u>

എൽസി യോഹന്നാൻ ശങ്കരത്തിൽ

"ദാവീദന്നൊരു നാൾ പിഴച്ച പിഴയാ
വിശ്വോത്തര ജ്ഞാനിയേ
നാവിന്നപ്പുറ മാത്മതാപ വിശിഖ
ത്താലങ്ങു നോവിക്കവേ
ആവിഷ്ക്കാരമെടുത്ത പൂത്തിരിയതാ
'ണൻപത്തിയൊന്നെ'ങ്കിലും *
ആവില്ലിന്നു നമുക്കു സ്വന്തനിലയിൽ
തത്താദൃശ്യം നീങ്ങുവാൻ".

- (51 ാം സങ്കീർത്തനം)

## <u>ദാവീദും അബീഗയിലും –</u>

### 'സത്യ വേദപുസ്തകം: 1 ശമുവേൽ 25'

ദർശകൻ സാമുവേൽ ദൈവപ്രവക്താവാ -
യിസ്രായേൽ ജാതിയെ പാലിക്കവേ,
തങ്ങളെ വാഴുവാനായൊരു മന്നനെ
തങ്ങൾക്കു നൽകണമെന്നു ചൊല്ലി,
യിസ്രായേലീശനെ പ്രാപിച്ചു പ്രാർത്ഥിച്ചു
ദർശകൻ മാദ്ധ്യമ ശ്രേണിയായും,
മന്നനായ് സ്വർഗ്ഗത്തിൽനിന്നു താൻ നേരിട്ടീ -
മന്നിലിസ്രേലിനെ വാണിടുമ്പോൾ
എന്തിനു വേൺടിയീ സാഹസമെന്നുള്ളിൽ
ചിന്തിച്ചുവെങ്കിലും, കർത്തനന്ത്യം,
ദർശകനോടായി കല്പിച്ചീയുർവ്വിയി -
ന്നീശനായേകനെ വാഴിച്ചീടാൻ,
യിസ്രായേൽ മന്നനായിങ്ങനെ വന്നതോ
'കീശി'ന്റെ നന്ദനനായ 'ശൗലും',

ഈവിധം  ഭൂപനായ് മാറിയ ഭാഗ്യവാൻ
ദൈവത്തെയെന്നും ഭജിച്ചു ഭക്ത്യാ,
          എന്നാൽ തൻ ജീവിത ചക്രഭ്രമണത്തിൽ
          വന്നു ഭവിച്ചു മാറ്റങ്ങൾ പിന്നെ.
തന്നുടെ യോഗ്യത കൊൺടത്രേ, താനിന്ന്
മന്നൻ മകുടമണിഞ്ഞതെന്നും,
          താനാർക്കും ദാസനല്ലെന്നുള്ള ചിന്തയിൽ
          താൻതന്നെ തൻ ശില്പിയെന്നുമായി,
ഇത്തരമുന്മാദ ചിന്തയാൽ, ഭൂപാലൻ
അത്തലുൺടാക്കിയനർഥവുമായ്,
          ദൈവകോപമുളവാക്കുവാൻ തക്കപോൽ
          ഭൂപതി തെറ്റുചെയ്തൊട്ടധികം.

(തുടരും)